**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 4588** **13-03-2023 - ൽ മറുപടിയ്ക്ക്**

**ചിറ്റാരി കണ്ടിവാതുക്കൽ റോഡ് നിർമ്മാണത്തിന് കോർപ്പസ് ഫണ്ടിൽ നിന്നും തുക വകയിരുത്താൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ കെ വിജയൻ | | ശ്രീ. കെ. രാധാകൃഷ്ണൻ (പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | നാദാപുരം നിയോജക മണ്ഡലത്തിലെ വളയം-ചെക്യാട് ഗ്രാമ പഞ്ചായത്തുകളിലെ ചിറ്റാരി കണ്ടിവാതുക്കൽ റോഡ് നിർമ്മാണത്തിന് നിലവിൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് അറിയിക്കാമോ; | (എ) | നബാർഡ് RIDF 20 സ്കീമിൽ ഉൾപ്പെട്ടിരുന്ന ചിറ്റാരി കണ്ടിവാതുക്കൽ റോഡ് നിർമ്മാണത്തിന്റെ നിർവ്വഹണ ഏജൻസിയായി കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിരുന്നു. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ 5.02.2016 ന് ക്ഷണിച്ച ടെണ്ടർ പ്രകാരം കരാർ ഏറ്റെടുത്ത കരാറുകാരൻ നിർമ്മാണം നടത്താത്തതിനാൽ 28.06.16 ന് റീ ടെണ്ടർ നടത്തിയിരുന്നു. തുടർന്ന് 19.08.2016 ന് കരാർ ഏറ്റെടുത്തയാൾക്ക് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനുമായി വലിയ തുക ബാദ്ധ്യത ഉണ്ടായിരുന്നതിനാലും BDS സംവിധാനത്തിലെ സാങ്കേതിക പിഴവ് മൂലവും, 2018, 2019 എന്നീ വർഷങ്ങളിലെ മഹാപ്രളയം മൂലവും കരാറുകാരൻ റോഡ് നിർമ്മാണം പൂർത്തിയാക്കിയിരുന്നില്ല. തുടർന്ന് ടിയാൻ ഈ പ്രവൃത്തിയിൽ നിന്നും പിൻവാങ്ങിയതിനാൽ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ 8.12.2021നും 21.12.2021 നും വീണ്ടും ടെണ്ടർ ക്ഷണിയ്ക്കുകയും പുതിയ കരാറുകാരനെ ചുമതലപ്പെടുത്തുകയുമായിരുന്നു. എന്നാൽ നബാർഡ് RIDF 20 പദ്ധതിയുടെ കാലാവധി 31.3.2022 ന് അവസാനിച്ചതിനാലും പദ്ധതി നിർവ്വഹണത്തിന് കാലാവധി നീട്ടി നൽകാത്തതിനാലും നബാർഡ് RIDF 20 പദ്ധതിയിൽ ചിറ്റാരി കണ്ടിവാതുക്കൽ റോഡ് നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയുന്നതല്ല. ഈ റോഡിന്റെ ബാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ വകുപ്പിന്റെ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) | പദ്ധതി പൂർത്തീകരണത്തിന് കോർപ്പസ് ഫണ്ടിൽ നിന്നും തുക വകയിരുത്തുവാൻ നടപടി | (ബി) | നബാർഡ് RIDF 20 സ്കീമിൽ ഉൾപ്പെട്ടിരുന്ന ചിറ്റാരി കണ്ടിവാതുക്കൽ റോഡ് നിർമ്മാണത്തിന്റെ നിർവ്വഹണ ഏജൻസിയായി കേരള സ്റ്റേറ്റ് |

| | | | |
|---|---|---|---|
| | സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ വിശദവിവരം ലഭ്യമാക്കാമോ? | | കൺസ്ട്രക്ഷൻ കോർപ്പറേഷനെ ചുമതലപ്പെടുത്തിയിരുന്നു. കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ 5.02.2016 ന് ക്ഷണിച്ച ടെണ്ടർ പ്രകാരം കരാർ ഏറ്റെടുത്ത കരാറുകാരൻ നിർമ്മാണം നടത്താത്തതിനാൽ 28.06.16 ന് റീ ടെണ്ടർ നടത്തിയിരുന്നു. തുടർന്ന് 19.08.2016 ന് കരാർ ഏറ്റെടുത്തയാൾക്ക് കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷനുമായി വലിയ തുക ബാദ്ധ്യത ഉണ്ടായിരുന്നതിനാലും BDS സംവിധാനത്തിലെ സാങ്കേതിക പിഴവ് മൂലവും, 2018, 2019 എന്നീ വർഷങ്ങളിലെ മഹാപ്രളയം മൂലവും കരാറുകാരൻ റോഡ് നിർമ്മാണം പൂർത്തിയാക്കിയിരുന്നില്ല. തുടർന്ന് ടിയാൻ ഈ പ്രവൃത്തിയിൽ നിന്നും പിൻവാങ്ങിയതിനാൽ കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ 8.12.2021നും 21.12.2021 നും വീണ്ടും ടെണ്ടർ ക്ഷണിയ്ക്കുകയും പുതിയ കരാറുകാരനെ ചുമതലപ്പെടുത്തുകയുമായിരുന്നു. എന്നാൽ നബാർഡ് RIDF 20 പദ്ധതിയുടെ കാലാവധി 31.3.2022 ന് അവസാനിച്ചതിനാലും പദ്ധതി നിർവ്വഹണത്തിന് കാലാവധി നീട്ടി നൽകാത്തതിനാലും നബാർഡ് RIDF 20 പദ്ധതിയിൽ ചിറ്റാരി കണ്ടിവാതുക്കൾ റോഡ് നിർമ്മാണം പൂർത്തീകരിക്കുവാൻ കഴിയുന്നതല്ല. ഈ റോഡിന്റെ ബാക്കിയുള്ള നിർമ്മാണ പ്രവർത്തനങ്ങൾ വകുപ്പിന്റെ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ